I ഇ.ബി. XIV-കേരള നിയമസഭ/XVI-2

## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 ഒക്ടോബർ 29, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

### I തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 2490-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 2490-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II അടിയന്തരപ്രമേയം

ഇസ്ഹാഖിന്റെ കൊലപാതകം

മി. സ്പീക്കർ: താനൂരിലെ മുസ്ലീം ലീഗ് പ്രവർത്തകനായ ഇസ്ഹാഖിന്റെ കൊലപാതകത്തിന് ഉത്തരവാദികളായവരെ സംരക്ഷിക്കാനും കേസന്വേഷണം അട്ടിമറിക്കാനും നടക്കുന്ന നടപടികൾമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷവും കേസന്വേഷണം ഊർജ്ജിതമാക്കേണ്ടതിന്റെ ആവശ്യകതയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ കെ. സി. ജോസഫ്, സി. എഫ്. തോമസ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 24-10-2019-ന് രാത്രി താനൂരിൽ മുസ്ലീം ലീഗ് പ്രവർത്തകനായ ഇസ്ഹാഖിനെ വെട്ടിപ്പരുക്കേൽപ്പിച്ചതിനെത്തുടർന്ന് ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകുംവഴി മരണപ്പെടുകയുണ്ടായി. ഈ സംഭവത്തിൽ താനൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയാണ്. ഒന്നും നാലും അഞ്ചും പ്രതികളെ അറസ്റ്റുചെയ്യുകയും മറ്റ് മൂന്ന് പ്രതികളെ തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്.

അഞ്ചാം പ്രതിയുടെ ജ്യേഷ്ഠനെ മുസ്ലീം ലീഗ് പ്രവർത്തകർ ആക്രമിച്ച സംഭവത്തിൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിവരികയാണ്. രാഷ്ട്രീയ സംഘർഷങ്ങൾ കുറയ്ക്കുന്നതിനും സമാധാനാന്തരീക്ഷം പുന:സ്ഥാപിക്കുന്നതിനുമുള്ള ഇടപെടലുകളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായി നിരവധി കേസ്സുകളിൽ യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണം ശരിയായ ദിശയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

<u>ഡോ. എം. കെ. മുനീർ</u>: പെറ്റിക്കേസ്സിൽപോലും പ്രതിയല്ലാത്ത താനൂരിലെ മുസ്ലീം ലീഗ് പ്രവർത്തകനായ ഇസ്ഹാഖിനെ വളരെ മൃഗീയമായിട്ടാണ് കൊലപ്പെടുത്തിയിരിക്കുന്നത്. പ്രതികൾ മാർക്സിസ്റ്റ് പാർട്ടി പ്രവർത്തകരാണെന്ന കാര്യം മുഖ്യമന്ത്രി മറച്ചുവയ്ക്കുകയും കേസ്സന്വേഷണത്തിന് സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതിനുപകരം ഇത്തരം സംഭവങ്ങളെ നിസ്സാരവൽക്കരിക്കുകയുമാണ് ചെയ്യുന്നത്. ഈ മേഖലയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ ആവർത്തിക്കപ്പെടുകയാണ്. കൊല്ലപ്പെട്ട ഇസ്ഹാഖിന്റെ വീട് ബന്ധപ്പെട്ട ജനപ്രതിനിധി സന്ദർശിക്കുകയോ കളക്ടർ സമാധാനചർച്ച

സംഘടിപ്പിക്കുകയോ ചെയ്തിട്ടില്ല. ഒരു പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചുകൊണ്ട് ഈ കേസ് അന്വേഷിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. വി. അബ്ദുറഹിമാൻ: പള്ളിയിലെ കണക്കുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിന് കാരണമായിത്തീർന്നിട്ടുള്ളത്. കൊലപാതകത്തെ രാഷ്ട്രീയമായി ചിത്രീകരിക്കേണ്ട ആവശ്യമില്ല.

(ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.-യുടെ പ്രസംഗത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് മുന്നിൽവന്നുനിന്ന് മുദ്രാവാക്യം മുഴക്കുകയും അല്പസമയത്തിനുശേഷം സീറ്റുകളിലേയ്ക്ക് തിരിച്ചുപോകുകയും ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അത്യന്തം നിർഭാഗ്യകരമായ സംഭവമാണ് താനൂരിലുണ്ടായത്. ഉത്തരവാദികളായവരെ സംരക്ഷിക്കുന്ന സമീപനം സർക്കാരിന്റെയോ പോലീസിന്റെയോ ഭാഗത്തുനിന്നും ഉണ്ടാകില്ല. ഇത്തരം സംഭവങ്ങളിൽ മുഖംനോക്കാതെ നടപടി സ്വീകരിക്കാൻ പോലീസിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സമാധാനാന്തരീക്ഷം നിലനിറുത്തുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകും. കേസ്സന്വേഷണത്തിന് പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിക്കുന്നതിനും കളക്ടറുടെ നേതൃത്വത്തിൽ സമാധാനചർച്ച സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും. രാഷ്ട്രീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് രാഷ്ട്രീയ നേതൃത്വങ്ങളുടെ ഇടപെടലുകളുണ്ടാകണം. ഈ വിഷയം

സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): മുസ്ലീം ലീഗ് പ്രവർത്തകന്റെ കൊലപാതകം സംബന്ധിച്ച് പ്രതികളുടെ രാഷ്ട്രീയപശ്ചാത്തലം വ്യക്തമാക്കാതെ വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് മുഖ്യമന്ത്രി പറഞ്ഞത്. ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള മുപ്പത്തിരണ്ടാമത്തെ രാഷ്ട്രീയകൊലപാതകമാണ് താനൂരിൽ നടന്നത്. ഇസ്ഹാഖിന്റെ കൊലപാതകം പ്രത്യേക ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കണം. പ്രതികളെ സംരക്ഷിക്കുന്ന സർക്കാർ നിലപാട് തിരുത്തിക്കൊണ്ട് രാഷ്ട്രീയകൊലപാതകങ്ങൾ അവസാനിപ്പിക്കണം. സമാധാന ശ്രമങ്ങളോട് സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. പ്രസ്തുത കേസ്സന്വേഷണം ഫലപ്രദമായി മുന്നോട്ടുപോകാത്തതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## III ശ്രദ്ധക്ഷണിക്കൽ

### മത്സ്യബന്ധന മേഖലയെ പ്രതിസന്ധിയിലാക്കുന്ന കേന്ദ്രനയം

ശ്രീ. കെ. ദാസൻ: കേന്ദ്രസർക്കാരിന്റെ 2019-ലെ ദേശീയ സമുദ്ര മത്സ്യബന്ധന ബിൽ കേരളത്തിലെ പരമ്പരാഗത മത്സ്യബന്ധന മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്. വൻകിട കോർപ്പറേറ്റ് കമ്പനികൾക്ക് കടലിൽ എവിടെയും മത്സ്യബന്ധനം നടത്തുന്നതിനുള്ള അനുമതിയാണ് നിർദ്ദിഷ്ട ബില്ലിന് പിന്നിലുള്ളത്. കേന്ദ്രനിയമം പ്രാബല്യത്തിൽ വരുന്നതോടെ സംസ്ഥാനങ്ങൾക്ക് കടലിലുള്ള പരിമിതമായ അധികാരങ്ങൾകൂടി നഷ്ടമാകുന്ന സ്ഥിതി സംജാതമാകും. 12 നോട്ടിക്കൽ മൈൽ ദൂരത്തിനപ്പുറം മത്സ്യബന്ധനത്തിന് കേന്ദ്രസർക്കാരിന്റെ പ്രത്യേക രജിസ്ട്രേഷൻ വേണമെന്നുള്ള ബില്ലിലെ വ്യവസ്ഥ മത്സ്യത്തൊഴിലാളികളുടെ അവകാശത്തിന്മേലുള്ള കൈകടത്തലാണ്. കേന്ദ്ര ഫിഷറീസ് മന്ത്രാലയം മുന്നോട്ടുവച്ച ബില്ലിനെതിരെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തുകയും ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്യണം. ഉത്പ്പാദനച്ചെലവിനനുസൃതമായി മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാനും മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കാനും പരമ്പരാഗത മത്സ്യമേഖലയെ

പ്രതികൂലമായി ബാധിക്കുന്ന കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാനും തയ്യാറാകണം.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സംസ്ഥാനത്ത് നിലവിൽ ഇരുപത്തയ്യായിരത്തോളം പരമ്പരാഗത വള്ളങ്ങളാണ് OBM ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുവരുന്നത്. കേന്ദ്രസർക്കാർ സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കുന്നതിനനുസരിച്ച് മത്സ്യത്തൊഴിലാളികൾക്കുള്ള വിഹിതത്തിലും ആനുപാതികമായ കുറവുണ്ടാവുകയാണ്. പൊതുവിതരണ ശൃംഖല വഴിയുള്ള മണ്ണെണ്ണ ക്വാട്ട മാസംതോറും 2550 കിലോ ലിറ്ററായെങ്കിലും ഉയർത്തണമെന്ന ആവശ്യത്തിന്മേൽ കേന്ദ്രസർക്കാർ ഇതുവരെ പ്രതികരിച്ചിട്ടില്ല. 2019-ലെ ദേശീയ സമുദ്ര മത്സ്യബന്ധന ബില്ലിന്റെ കരട് കേന്ദ്രസർക്കാർ പ്രസിദ്ധീകരിച്ച ഉടൻതന്നെ ആയത് സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധമാണെന്നും സംസ്ഥാനങ്ങളുടെ അധികാരപരിധിയിന്മേലുള്ള കടന്നുകയറ്റമാണെന്നും അത് തിരുത്തണമെന്നുമാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിലേയ്ക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ഭൂരിഭാഗം നിർദ്ദേശങ്ങളും കേന്ദ്രം അംഗീകരിക്കുകയും

ഗുണകരമായ നിർദ്ദേശങ്ങൾ സമർപ്പിച്ചതിന് സംസ്ഥാനസർക്കാരിനെ പ്രകീർത്തിക്കുകയും റൂളിന്റെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്താമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല. പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ സബ്മിഷനുകൾ റദ്ദുചെയ്യുകയും മറുപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മേശപ്പുറത്ത് വയ്ക്കണമെന്ന് നിർദ്ദേശിക്കുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തു.)

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V ധനകാര്യം

2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള രണ്ടാംബാച്ച് ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII നിയമനിർമ്മാണ കാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ബിൽ ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച XII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(2) 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ്

പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ രാവിലെ 11.08-ന് പിരിഞ്ഞു.

******